## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4525** — **22.07.2015-ൽ മറുപടിയ്ക്ക്**

**വനംവകുപ്പിൽ നിന്നും വീട് നിർമ്മാണത്തിനാവശ്യമായ തടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജി.എസ്.ജയലാൽ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | വനംവകുപ്പിൽ നിന്നും സ്വകാര്യ വക്തികൾക്ക് വീട് നിർമ്മാണ ത്തിലേയ്ക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിലേക്ക് നിലവിൽ വ്യവസ്ഥകൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. വനം വകുപ്പിൽ നിന്നും സ്വകാര്യവ്യക്തികൾക്ക് വീട് നിർമ്മാണത്തിലേക്കാവശ്യമായ 5 ക്യുബിക് മീറ്റർ തേക്ക് തടി എല്ലാ വനം തടി ഡിപ്പോകൾ വഴിയും ചില്ലറ വിൽപനയിലൂടെ ലഭ്യമാക്കി വരുന്നു. സ്വന്തം ആവശ്യത്തിനു വേണ്ടിയാണ് തടി വാങ്ങുന്നതെന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ (മേൽ വിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ) ഹാജരാക്കി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് വാങ്ങാം. ഡിപ്പോ ഓഫീസറിൽ നിന്നും ടോക്കൺ വാങ്ങി തടി തിരഞ്ഞെടുക്കാം. തിരഞ്ഞെടുത്ത തടിയുടെ 1/10 വില (പരമാവധി 20,000 രൂപ) അപ്പോൾതന്നെ പണമായോ ആ സ്ഥലത്ത് മാറ്റാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ് ക്കണം. മുഴുവൻ തുകയും, നികുതികളും അടച്ചാൽ അന്നു തന്നെ തടി നീക്കം ചെയ്യാം. ബാക്കി തുക 3 ദിവസത്തിനകം |

അടക്കേണ്ടതും തുടർന്ന് 7 ദിവസത്തിനകം വാങ്ങിയ തടി ഡിപ്പോയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഈ സമയത്തിനകം തടി നീക്കം ചെയ്യാത്ത പക്ഷം ക്യുബിക് മീറ്ററിന് 10/- രൂപ നിരക്കിൽ തറവാടക ഈടാക്കിക്കൊണ്ട് പരമാവധി 15 ദിവസം ദീർഘിപ്പിച്ച് നൽകുന്നതാണ്. തടി വാങ്ങുന്ന ആൾ യഥാസമയം പണമടച്ച് തടികൾ നീക്കം ചെയ്യാത്ത പക്ഷം അടച്ച ഭാഗിക വില കണ്ടുകെട്ടിക്കൊണ്ട് വാങ്ങുന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ പുനർ ലേലം ചെയ്യുന്നതാണ്. കൂടാതെ തേക്ക് തുടങ്ങിയ മറ്റ് തടികൾ ഇ-ഓക്ഷൻ വഴിയും കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എം.എസ്.റ്റി.സി.യിൽ രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുത്ത് തടി ലഭ്യമാക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ വ്യാപാരികളുമായി മത്സരിച്ച് തടി വാങ്ങുവാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കി നടപടികൾ ലഘൂകരിച്ച് വീടു നിർമ്മാണ ആവശ്യത്തിലേയ്ക്ക് വ്യക്തികൾക്ക് തടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.